# പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 220

09.03.2015-ലെ മറുപടിക്ക്

## കൊലപാതകത്തിൽ ആഹ്ലാദം പ്രകടിപ്പിച്ച് ഫെയ്സ് ബുക്കിൽ പോസ്റ്റിട്ടവർക്കെതിരെ കേസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സി.പി.ഐ. (എം) പ്രവർത്തകൻ പി. മുരളി കൊലചെയ്യപ്പെട്ട ദിവസം ആഹ്ലാദം പ്രകടിപ്പിച്ച് ഫെയ്സ് ബുക്കിൽ പോസ്റ്റിട്ടതിനെതിരെ പോലീസ് എടുത്ത കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) കമ്പളയിലെ സി.പി.ഐ(എം) പ്രവർത്തകൻ പി.മുരളിയെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ഫെയ്സ് ബുക്കിൽ ആഹ്ലാദം പ്രകടിപ്പിച്ചുകൊണ്ട് പോസ്റ്റിട്ടു എന്നത് സംബന്ധിച്ച് ഡി.വൈ.എഫ്.ഐ. ബ്ലോക്ക് സെക്രട്ടറി ശ്രീ. സി.എ. സുബൈറിന്റെ പരാതിയിൽ കമ്പള പോലീസ് സ്റ്റേഷൻ ക്രൈം നം. 561/14 u/s 153 IPC, 66(A)(b) of IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ ടി കേസ് Mistake of Facts ആയി കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) കുറ്റവാളിയെ പോലീസ് അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യുകയുണ്ടായോ; കൊലപാതകത്തിൽ ടിയാന് പങ്കുണ്ടായിരുന്നുവോ; | (ബി) പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല. കേസിൽ പ്രതിയായ അരുൺകുമാർ ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തത് മുരളി വധത്തിനു മുമ്പായിരുന്നു. ടിയാന്റെ ടെലിഫോൺ വിവരങ്ങളും, ലൊക്കേഷനും പരിശോധിച്ചതിൽ മുരളി വധക്കേസിലെ പ്രതികളുമായോ, കമ്പളയിലെ മറ്റാരെങ്കിലുമായോ ബന്ധപ്പെട്ടതായി വെളിവായിട്ടില്ല. |
| (സി) ഗൂഢാലോചനയിൽ ഇദ്ദേഹത്തിനും പങ്കുള്ളതായി പരാതി ഉണ്ടായിരുന്നുവോ; അന്വേഷണം നടത്തിയിട്ടുണ്ടോ; | (സി) പരാതി ഉണ്ടായിരുന്നു. ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ഡി) ഈ കേസുമായി ബന്ധപ്പെട്ട് അരുൺ കുമാർ എന്നയാൾക്കെതിരെ പോലീസ് രജിസ്റ്റർ ചെയ്ത കേസ് എഴുതിത്തള്ളിയതായി അറിയുന്നത് ശരിയാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) ഈ കേസിലെ എഫ്.ഐ.ആറിൽ പരാമർശിച്ചിട്ടുള്ള അരുൺകുമാർ എന്നയാൾക്ക് മുരളിയുടെ കൊലപാതകത്തിൽ പങ്കുള്ളതായി അന്വേഷണത്തിൽ വെളിവായിട്ടില്ല. ടിയാൻ ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തത് മുരളി വധത്തിനു മുമ്പായിരുന്നു. ആയതിനാൽ ടിയാനെതിരെയുള്ള കേസ് 25.12.2014-ൽ Mistake of Facts ആയി കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ